**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1578** **19-09-2025 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ഭൂമി തരം മാറ്റൽ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയക്കുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി നൽകിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഉള്ളടക്കം ചെയ്യാതെ സമർപ്പിക്കുന്ന അപേക്ഷകൾ ന്യൂനത പരിഹരിച്ച് ലഭിക്കാത്തതും, അപേക്ഷകളുടെ ബാഹുല്യം കാരണവും തീർപ്പാക്കുവാൻ കാലതാമസം വരാറുണ്ട്. |
| (ബി) | നിലവിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനുതകുംവിധം പുതിയ സോഫ്റ്റ്‌വെയർ ക്രമീകരണം പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | റെലിസ് തരം മാറ്റം മോഡ്യൂളിൽ ലഭിച്ച് വരുന്ന ഫോം 6,7,9 അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിന് നിലവിൽ ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്ത് കാണുന്നില്ല. |
| (സി) | മലപ്പുറം ജില്ലയിൽ ഭൂമി തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കാൻ നടത്തിയിട്ടുള്ള ഉദ്യോഗസ്ഥ ക്രമീകരണം വിശദമാക്കുമോ; | (സി) | ജില്ലയിൽ തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്ത് വന്നിരുന്നത് തിരൂർ, പെരിന്തൽമണ്ണ സബ്കലക്ടർമാരാണ്. എന്നാൽ ഭൂമി തരംമാറ്റം അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ), ഡെപ്യൂട്ടി കളക്ടർ (ഡി.എം.), ഡെപ്യൂട്ടി കളക്ടർ (എൽ.എ), ഡെപ്യൂട്ടി കളക്ടർ (ആർ.ആർ) എന്നിവരെ കൂടി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഭൂമി തരംമാറ്റ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മലപ്പുറം കളക്ടറേറ്റിൽ 5 ജൂനിയർ സൂപ്രണ്ടുമാർ, 14 ക്ലാർക്കുമാർ എന്നിവരെ ഉൾപ്പെടുത്തി പ്രത്യേകം സെക്ഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ താൽക്കാലിക നിയമനങ്ങൾക്കും ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തരംമാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി രണ്ട് വർഷത്തേയ്ക്ക് താത്ക്കാലിക തസ്തിക സൃഷ്ടിച്ച്, സ്ഥാനക്കയറ്റം വഴിയും, പി. എസ്. സി. മുഖേനയും സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് 01.09.2023-ലെ സ. ഉ. (കൈ) നം. |

| | | | |
|---|---|---|---|
| | | | 206/2023/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും, താൽക്കാലിക നിയമനങ്ങൾക്കുമായി നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **ക്രമ നം** | **വില്ലേജ്** | **അപേക്ഷകളുടെ എണ്ണം** |
|---|---|---|
| **1** | മലപ്പുറം | **60** |
| **2** | മേൽമുറി | **184** |
| **3** | പാണക്കാട് | **96** |
| **4** | ആനക്കയം | **139** |
| **5** | പൂക്കോട്ടൂർ | **183** |
| **6** | പുൽപ്പറ്റ | **111** |
| **7** | കോഡൂർ | **50** |
| **ആകെ** | | **823** |